സ്പോർട്സ് അതോറിറ്റി: പ്രാദേശിക ചർച്ച 28-ന്

കൽപറ്റ: എല്ലാവർക്കും കായിക വിനോദം എന്ന ആശയത്തിന് ഊന്നൽ നൽകി കേരളത്തിൽ സ്പോർട്സ് അതോറിറ്റി രൂപവത്കരിക്കുന്നതിന്റെ ഭാഗമായി ഈ മാസം 28-ന് രാവിലെ 11 മണി മുതൽ കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുജനങ്ങളിൽ നിന്നും കായികപ്രേമികളിൽ നിന്നും വിദഗ്ധസമിതി അഭിപ്രായങ്ങൾ ആരായും. ജില്ലയിലെ സ്പോർട്സ് അസോസിയേഷൻ പ്രതിനിധികളും കായിക താരങ്ങളും സംഘാടകരും കായിക പ്രേമികളും ചടങ്ങിൽ പങ്കെടുക്കണമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി അഭ്യർഥിച്ചു.

വാർഷിക ജനറൽ ബോഡി

കൽപറ്റ: കൽപറ്റ വ്യാപാരി വ്യവസായി ഏകോപന സമിതി നഗരസഭാ കമ്മിറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗം പ്രസിഡന്റ് കെ. കുഞ്ഞിരായിൻ ഹാജിയുടെ അധ്യക്ഷതയിൽ വ്യാപാര ഭവനിൽ ചേർന്നു. ജന. സെക്രട്ടറി ബേബി പുന്നാശ്ശേരി പ്രവർത്തക റിപ്പോർട്ടും ട്രഷറർ ഇസ്മായിൽ തൈവളപ്പിൽ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. വൈ. പ്രസിഡന്റ് പി. യൂസഫ്, ടി. ഹംസഹാജി എന്നിവർ സംസാരിച്ചു.



വയനാട് കുണ്ടുവാടിയൻ സമാജം ജില്ലാ പ്രസിഡന്റ് വേണു വെള്ളംകൊല്ലി



ആദിവാസി ഗോത്ര മഹാസഭ വയനാട് കലക്ടറേറ്റിന് മുന്നിൽ നടത്തിയ ധർണ സി.കെ. ജാനു ഉദ്ഘാടനം ചെയ്യുന്നു

ആദിവാസി ഗോത്ര മഹാസഭ ധർണ നടത്തി

കൽപറ്റ: ആദിവാസി കരാർ നടപ്പിലാക്കുക, സി.പി.എം നടത്തിയ ഭൂസമരത്തിന്റെ ഭാഗമായി ആദിവാസികളുടെ പേരിൽ ചുമത്തിയ കേസുകൾ പിൻവലിക്കുക, പുനരധിവാസത്തിന് ഫണ്ട് അനുവദിക്കുക, ഭക്ഷ്യ വിതരണത്തിൽ ഊരുകൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ആദിവാസി ഗോത്ര മഹാസഭയുടെ നേതൃത്വത്തിൽ ഇന്നലെ കൽപറ്റയിൽ ഉജ്വല മാർച്ചും കലക്ടറേറ്റ് ധർണയും നടന്നു.

ആദിവാസി കരാർ സ്തംഭിപ്പിച്ച സർക്കാർ നിലപാടിൽ ഗോത്രമഹാസഭ ശക്തമായ പ്രതിഷേധം ഉയർത്തി.

ഗോത്രസഭ അധ്യക്ഷ സി.കെ. ജാനു മാർച്ചും ധർണയും ഉദ്ഘാടനം ചെയ്തു. ആദിവാസികളുടെ പേരിലുള്ള കേസുകൾ പിൻവലിക്കാൻ സമരം ശക്തിപ്പെടുത്തുമെന്ന് അവർ പ്രഖ്യാപിച്ചു. ട്രൈബൽ കോർട്ട് ആഗസ്ത് 24-ന് മാനന്തവാടിയിൽ ചേരും.

കെ. കര്യൻ അധ്യക്ഷത വഹിച്ചു. ടി.കെ. സുഭാഷ്, അനിൽകുമാർ, നെല്ലേരി രാമൻ, നൂൽപ്പുഴ ബാബു, നൂൽപ്പുഴ രമേശൻ, ഇ.ഡി. ബാലൻ, തൊണ്ടർനാട് ബാലൻ, ചന്ദ്രൻ തൊണ്ടർനാട്, പി.വി. ബാലൻ കുറ്റിമൂല, കെ. രാധ, അമ്മിണി തുടങ്ങിയവർ സംസാരിച്ചു.

ടി.ജെ. ബിജോയി (ഗോത്രമഹാസഭാ പ്രസിഡിയം മെമ്പർ), എം. ഗീതാനന്ദൻ (ജന. കൺവീനർ ആദിവാസി ദലിത് സമര സമിതി) എന്നിവരും അഭിസംബോധന ചെയ്തു.

ഡോക്ടറെ കാത്ത് മണിക്കൂറുകൾ

മേപ്പാടി: ഗവ. ആശുപത്രിയിൽ ഇന്നലെ കാലത്ത് 8 മണി മുതൽ നാല് മണിക്കൂറോളം രോഗികൾക്ക് ഒ.പി. ചീട്ടുമായി ഡോക്ടറെ കാത്തിരിക്കേണ്ടി വന്നതായി പരാതി. ഒരു ഡോക്ടർ ലീവിലാണെന്നും മറ്റൊരു ഡോക്ടർ നാട്ടിൽ നിന്ന് വരണമെന്നുമാണ് ആശുപത്രിയി ജീവനക്കാരുടെ വിശദീകരണം. ഏറെ നേരം കാത്തിരുന്നിട്ടും ഡോക്ടറെ കാണാതെ പലരും മടങ്ങി പോയി. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ ആതുരാലയം ഇപ്പോൾ കടുത്ത അവഗണനയിലാണ്. ചുരുങ്ങിയത് രണ്ട് ഡോക്ടർമാരുടെ സേവനം ഉണ്ടാകണമെന്ന ആവശ്യം ശക്തിപ്പെട്ടു.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്: അപേക്ഷ 30 വരെ

കൽപറ്റ: വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയപരിധി ഈ മാസം 30 വരെ ദീർഘിപ്പിച്ചു. 40 ശതമാനത്തിനും അതിന് മുകളിലും വൈകല്യമുള്ളവർക്ക് കാർഡിന് അർഹതയുണ്ട്. അപേക്ഷാഫോറത്തിന്റെ മാതൃക കൽപറ്റയിലെ വയനാട് ജില്ലാ സാമൂഹികക്ഷേമ ഓഫീസിൽ നിന്ന് ലഭിക്കും. തിരിച്ചറിയൽ കാർഡിന് അർഹതയുള്ളവരും ഇതുവരെ അപേക്ഷിക്കാത്തവരുമായ വികലാംഗർ ഉടൻ അപേക്ഷ നൽകണമെന്ന് ജില്ലാ സാമൂഹിക ക്ഷേമ ഓഫീസ്സർ അറിയിച്ചു.

ഒടുവിൽ ആ മരം നിലംപൊത്തി...

മീനങ്ങാടി: ദേശീയ പാതക്കരികിൽ കമ്പിവേലിയിൽ ഒരു മാസത്തോളം തങ്ങിനിന്ന ഉണങ്ങിയ വിട്ടിമരം ഇന്നലെ കാലത്ത് നിലംപൊത്തി. മരം റോഡിലേക്ക് മരം വീണെങ്കിലും അപകടം ഒന്നും ഉണ്ടായില്ല. വിട്ടി മുറിക്കാൻ ഉടമ അധികൃതരുടെ അനുവാദം കാത്തിരിക്കുകയായിരുന്നു.

പഞ്ചായത്ത് ബസ്സ്റ്റാൻറിനടുത്ത അട്ടക്കൊല്ലി കവലയിലാണ് ഒരു മാസത്തോളം മരം ചെരിഞ്ഞ് നിന്നത്. സ്ഥലമുടമ മരം മുറിച്ച് നീക്കാൻ അധികൃതർക്ക് അപേക്ഷ നൽകിയെങ്കിലും ഫലമുണ്ടായില്ല. ദേശീയ പാതക്കരികിലും മറ്റും നിലംപൊത്താറായ മരങ്ങൾ ധാരാളമുണ്ട്. ബിനാച്ചിയിലും ഇന്നലെ കാലത്ത് ഒരു വൻ മരം റോഡിലേക്ക് കടപുഴകി വീണു.

മൂന്നാനക്കുഴിയിൽ അടുത്ത കാലത്ത് ജീപ്പിന് മുകളിൽ യൂക്കാലി മരം വീണ് കൽപറ്റ സ്വദേശികളായ രണ്ട് യുവാക്കൾ മരിച്ചിരുന്നു. കൃഷ്ണഗിരിയിൽ ഓട്ടോറിക്ഷക്ക് മുകളിൽ മരം വീണ സംഭവവുമുണ്ടായി. റിക്ഷ തകർന്നെങ്കിലും യാത്രക്കാർ അദ്ഭുതകരമായി രക്ഷപ്പെട്ടു.

റോഡരികിൽ അപകട നിലയിലായ മരങ്ങൾ മുറിച്ച് നീക്കണമെന്ന് മീനങ്ങാടി പഞ്ചായത്ത് വികസന സമിതി ആവശ്യപ്പെട്ടു. പി.പി. കുഞ്ഞിമുസ അധ്യക്ഷത വഹിച്ചു. സിനി ജോർജ്, സി.എച്ച്. കേശവൻ നായർ, എൻ.വി. ജോർജ് എന്നിവർ പ്രസംഗിച്ചു.

പാടിവയൽ -കാടാശേരി റോഡ് തകർന്നു

വടുവഞ്ചാൽ: മഴ തുടങ്ങിയതോടെ പാടിവയൽ -കാടാശേരി റോഡ് തകർന്നു. യാത്രാ ദുരിതം ഇതോടെ വർധിച്ചു.

മൂന്ന് വർഷം മുമ്പ് ഗ്രാമപഞ്ചായത്ത് അര കിലോമീറ്റർ ടാറിംഗ് നടത്തിയിരുന്നു. രണ്ട് കിലോമീറ്റർ കല്ലിട്ടും നിരത്തിയിരുന്നു. ഓവുചാൽ നിർമിക്കാത്തതുമൂലം വെള്ളം റോഡിൽ കെട്ടിനിൽക്കുകയാണ്.

കാടാശേരി ഇറക്കം പാടെ തകർന്ന നിലയിലാണ്. വിദ്യാർഥികളട്ടക്കം ചെളിക്കളം താണ്ടിയാണ് യാത്രചെയ്യുന്നത്.

റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നാട്ടുകാർ പലവട്ടം പഞ്ചായത്ത് അധികൃതരെ സമീപിച്ചിട്ടും ഫലമുണ്ടായിട്ടില്ല.

ചുമട്ടു തൊഴിലാളികൾക്കെതിരെ കരിനിയമം വരുന്നതിൽ പ്രതിഷേധം

കൽപറ്റ: സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളെ പിടിച്ചുപറിക്കാരും ഭീഷണിപ്പെടുത്തുന്നവരുമായി ചിത്രീകരിക്കുന്ന പുതിയ ഓർഡിനൻസ് കരിനിയമമാണെന്നും ഇതിൽ നിന്ന് സർക്കാർ പിന്തിരിയണമെന്നും ഹെഡ്‌ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് യൂനിയൻ (സി.ഐ.ടി.യു) കൽപറ്റ മുനിസിപ്പൽ സമ്മേളനം ആവശ്യപ്പെട്ടു.

മാസങ്ങളോളം ചർച്ച ചെയ്ത് ഉണ്ടാക്കുന്ന കൂലി കരാറിന് വിരുദ്ധമായി അധിക കൂലി വാങ്ങുകയോ തൊഴിലുടമയെ ഭീഷണിപ്പെടുത്തുകയോ ചെയ്താൽ വ്യാപാരി പ്രതിനിധികളും യൂനിയൻ പ്രതിനിധികളും ക്ഷേമ ബോർഡ് ചെയർമാനും ലേബർ ഓഫീസറും ഉൾപ്പെട്ട കമ്മിറ്റിക്ക് തൊഴിലാളിയെ ശിക്ഷിക്കാനും വേണ്ടിവന്നാൽ ജോലിയിൽ നിന്ന് നീക്കാനും സംവിധാനമുണ്ട്. ഇതിനായി അതോറിറ്റിയും ഉണ്ട്.

എന്നാൽ തൊഴിലാളികളെ കൽതുറുങ്കിലടക്കാനുള്ള നിയമ നിർമാണത്തിൽ നിന്ന് സർക്കാർ പിൻമാറണം. എ.ഡി.ബിയുടെയും വ്യാപാരി മേധാവികളുടെയും താൽപര്യം സംരക്ഷിക്കാനാണ് സർക്കാർ ശ്രമം -സമ്മേളനം അഭിപ്രായപ്പെട്ടു.

യൂനിയൻ ജനറൽ സെക്രട്ടറി പി: സൈനുദ്ദീൻ ഉദ്ഘാടനം ചെയ്തു. കെ. രാജപ്പൻ അധ്യക്ഷത വഹിച്ചു. എം. സെയ്തലവി റിപ്പോർട്ട് അവതരിപ്പിച്ചു. വി.കെ. അബു, വി.കെ. ബാബുരാജ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: എം. സെയ്തലവി (പ്രസി), കെ. അബൂബക്കർ (വൈ. പ്രസി), പി.ടി. മുഹമ്മദ്നാസർ (സെക്ര), കെ.കെ. സുനിൽ (ജോ. സെക്ര).

ഐ.ടി. അറ്റ് സ്കൂൾ: ജില്ലാതല ഉദ്ഘാടനം 29-ന്

കൽപറ്റ: സംസ്ഥാന സർക്കാറിന്റെ നൂതന വിദ്യാഭ്യാസ പരിപാടിയായ ഐ.ടി അറ്റ് സ്കൂൾ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം 29-ന് വൈകിട്ട് 4 മണിക്ക് സംസ്ഥാന വ്യവസായ സാമൂഹികക്ഷേമ ഇൻഫർമേഷൻ ടെക്നോളജി മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി മുലങ്കാവ് ഗവ. ഹൈസ്കൂളിൽ നിർവഹിക്കും. ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം കെ. മുരളീധരൻ എം.പി നിർവഹിക്കും. എൻ.ഡി. അപ്പച്ചൻ എം.എൽ.എ അധ്യക്ഷത വഹിക്കും. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ എം.എൽ.എ മുഖ്യപ്രഭാഷണം നടത്തും.

അധ്യാപകർക്ക് പരിശീലന പരിപാടി

കൽപറ്റ: കെ.എസ്.ടി.എ ജില്ലാ അക്കാദമിക് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എട്ടാംക്ലാസിലെ അധ്യാപകർക്ക് പുതിയ പാഠ്യ പദ്ധതി, പാഠ പുസ്തകങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി ഏകദിന പരിശീലനം കണിയാമ്പറ്റ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ചു.

കെ.ജെ. യോഹന്നാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പ്രസിഡൻറ് എം.എ. വിശ്വപ്പൻ ഉദ്ഘാടനം ചെയ്തു. അക്കാദമിക് കൗൺസിൽ ജില്ലാ കൺവീനർ എം. സദാനന്ദൻ സ്വാഗതം പറഞ്ഞു.

റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ ജി.എൻ. ബാബുരാജ്, ടി.കെ. അജിത്കുമാർ, എൻ.കെ. ജോർജ്, സി.കെ. പവിത്രൻ, കെ.ടി. ഗോപാലൻ, മണി പൊന്നോത്ത് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

എട്ടാം ക്ലാസിലെ പാഠപുസ്തകങ്ങൾ ഭാഗികമായേ സ്കൂളുകളിൽ എത്തിയിട്ടുള്ളൂ. ഈ സാഹചര്യത്തിലാണ് കെ.എസ്.ടിയുടെ ക്ലാസെടുക്കാനുള്ള പരിശീലനം.

അനുശോചിച്ചു

തെക്കുംതറ: എൻ.എഫ്. വർഗീസിന്റെ നിര്യാണത്തിൽ കോട്ടത്തറ കളിക്കൂട്ടം നാടകവേദി അനുശോചിച്ചു. ചന്ദ്രൻ മാതലോട് അധ്യക്ഷത വഹിച്ചു. പി. രാജഗോപാലൻ, സി. സുരേന്ദ്രൻ, സി. രവീന്ദ്രൻ, കെ. രാധാകൃഷ്ണൻ, ഒ. മനോജ്, പി.എം. വക്കൻ, കെ. രവി, വി. ഹരികുമാർ എന്നിവർ പ്രസംഗിച്ചു.

ഡ്രൈവർമാരെ നിയമിക്കണം

കൽപറ്റ: ജില്ലയിൽ സ്ഥിരമായി ഒഴിവുള്ള ഡ്രൈവർമാരുടെ തസ്തികയിൽ പി.എസ്.സി മുഖേന നിയമനം നടത്തണമെന്ന് കേരള ഗവ. ഡ്രൈവേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡൻറ് എ.ടി. ജോർജ് അധ്യക്ഷത വഹിച്ചു. എൻ.വി. ജോസഫ് (വൈ. പ്രസി), കെ.കെ. ദിനേശൻ (സെക്ര), ബി. ചാർളി (ജോ. സെക്ര) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മുട്ടിൽ: മുട്ടിൽ വയനാട് ഓർഫനേജ് വി.എച്ച്.എസ് സ്കൂളിലെ ഒന്നാംവർഷ കമ്പ്യൂട്ടർ, ലൈവ് സ്റ്റോക്ക് മാനേജ്മെൻറ്, പ്രിൻറിംഗ് കോഴ്സുകളിലേക്ക് അഡ്മിഷൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രവേശന ഇൻറർവ്യൂ 26-ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫീസിൽ നടക്കും. റാങ്ക് ലിസ്റ്റിൽ പേരുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം രക്ഷിതാവുമൊത്ത് അന്നേ ദിവസം സ്കൂളിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

ആശുപത്രി മാലിന്യങ്ങൾ കുടിവെള്ളത്തിൽ കലരുന്നതായി പരാതി

മാനന്തവാടി: മലിന ജലം ശാസ്ത്രീയമായി ഒഴിവാക്കാൻ സൗകര്യമില്ലാത്തത് ജില്ലാ ആശുപത്രിക്ക് പ്രശ്നമായി. ഇതോടൊപ്പം മലിന ജലം കുടിവെള്ളത്തിലും കലരുന്നുണ്ട്.

പ്രസവ വാർഡിൽ നിന്ന് പുറത്തേക്ക് ഒഴുക്കുന്ന വെള്ളം വാട്ടർ അതോറിറ്റിയുടെ ടാങ്കിലാണ് എത്തുന്നത്.

പുതിയ പ്രസവ വാർഡിൽ നിന്ന് വെള്ളം ഒഴുക്കുന്നത് ആഴം കുറഞ്ഞ ഒരു കുഴിയിലേക്കാണ്. പലപ്പോഴും കുഴി നിറഞ്ഞൊഴുകുന്ന മലിന പദാർഥങ്ങൾ കോട്ടക്കുന്ന് വഴി ചുട്ടക്കടവ് വെള്ളം പമ്പ് ചെയ്യുന്ന സ്ഥലത്താണ് എത്തുന്നത്. ഇവിടെ നിന്ന് വെള്ളം ശുദ്ധീകരിക്കാതെയാണ് ടൗണിലും മറ്റും വിതരണം ചെയ്യുന്നത്. വർഷങ്ങളായി വെള്ളം ഫിൽട്ടർ ചെയ്യുന്നില്ല.

ചിലപ്പോൾ ജില്ലാ ആശുപത്രിയിലെ കക്കൂസ് ടാങ്കിൽ നിന്നുള്ള മാലിന്യങ്ങളും കുഴിയിലേക്ക് നീക്കുന്നുണ്ട്. കോട്ടക്കുന്ന് വഴി മലിന ജലം ഒഴുകുന്നത് പരിസരവാസികൾക്ക് പൊല്ലാപ്പായി. നടപ്പാതയിലും മലിനജലം എത്തുന്നു. മഴക്കാലം തുടങ്ങിയതോടെ ദുരിതം ഇരട്ടിയായി.

കോളേരി എസ്റ്റേറ്റ് മാനേജ്മെൻറിനെതിരെ പ്രതിഷേധം

മേപ്പാടി: മേപ്പാടിയിലെ കോളേരി എസ്റ്റേറ്റ് തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുകയും ലീവ് വിത്ത് വേജസ് നൽകാതിരിക്കുകയും മെഡിക്കൽ സൗകര്യം നിഷേധിക്കുകയും ചെയ്യുന്നതിനെതിരെ തൊഴിലാളികൾ എസ്റ്റേറ്റ് പരിസരത്ത് പ്രകടനവും പൊതുയോഗവും നടത്തി. ഐ.എൻ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറിയും ട്രേഡ് യൂനിയൻ ആക്ഷൻ കൗൺസിൽ ജില്ലാ കൺവീനറുമായ പി.കെ. ഗോപാലൻ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് മെമ്പർ പി.ആർ. കൃഷ്ണൻ കുട്ടി അധ്യക്ഷത വഹിച്ചു. പി.കെ. മൂർത്തി, കെ. സൈതലവി, എൻ. വേണുഗോപാൽ, സി.വി. ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു. കൺവീനർ എസ്. കനി സ്വാഗതവും ചെയർമാൻ ആനീസ് ജോസ് നന്ദിയും പറഞ്ഞു.

വായനാദിനം ആചരിച്ചു

അഞ്ചുകുന്ന്: പാലുകുന്ന് ഗവ. എൽ.പി സ്കൂളിൽ വായനാ വർഷാചരണം സാഹിത്യകാരൻ ഏച്ചോം ഗോപി ഉദ്ഘാടനം ചെയ്തു. കെ.വി. ബാബു, കെ.എൻ. ജയരാജൻ എന്നിവർ പ്രസംഗിച്ചു.

മുഅല്ലിം മാനേജ്മെൻറ് കമ്മിറ്റി രൂപവത്കരിച്ചു

മേപ്പാടി: സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ മേപ്പാടി റെയ്ഞ്ചിന്റെ കീഴിൽ മുഅല്ലിം മാനേജ്മെൻറ് അസോസിയേഷൻ രൂപവത്കരിച്ചു. ഓടത്തോട് മദ്രസയിൽ ചേർന്ന കൺവെൻഷനിൽ അശ്റഫ് സഖാഫി അൽ കാമിലി മുഖ്യപ്രഭാഷണം നടത്തി. റെയ്ഞ്ച് പ്രസിഡൻറ് പി. മൂസ മുസ്‌ലിയാർ, സെക്രട്ടറി കെ.വി. ഇബ്രാഹിം സഖാഫി, ഇ.പി. അബ്ദുല്ല സഖാഫി എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: ഡോ. ടി.എ. റസാഖ് ഫൈസി (പ്രസി), സൈയ്തലവി ചുള്ളിക്ക, അയമുഹാജി കോട്ടനാട് (വൈ. പ്രസി), ഇ.പി. അബ്ദുല്ല സഖാഫി (ജന. സെക്ര), പി.സി. ഉമറലി മാസ്റ്റർ, മുഹമ്മദലി അട്ടമല (ജോ. സെക്ര), കെ.എം. മമ്മി (ട്രഷ).

ടാറിംഗ് പൂർത്തിയായ നടവയൽ- ഓശാനഭവൻ റോഡ് ജില്ലാപഞ്ചായത്ത് പ്രസിഡൻറ് കെ.എൽ. പൗലോസ് ഉദ്ഘാടനം ചെയ്യുന്നു



പാലുകുന്ന് ജി.എൽ.പി സ്കൂളിൽ നടന്ന വായനാ വാരാചരണം ഏച്ചോം ഗോപി ഉദ്ഘാടനം ചെയ്യുന്നു

സബ്‌രജിസ്ട്രാർക്ക് അധിക ചുമതല; നാട്ടുകാർ വലയുന്നു

കൽപറ്റ: സബ് രജിസ്ട്രാർക്ക് ജില്ലാ രജിസ്ട്രാറുടെ അധിക ചുമതല ലഭിച്ചതോടെ കൽപറ്റയിൽ ആധാരം രജിസ്റ്റർ ചെയ്യാൻ എത്തുന്നവർ പലപ്പോഴും മടങ്ങി പോകുന്ന അവസ്ഥ. ഉച്ചകഴിഞ്ഞാൽ സബ് രജിസ്ട്രാർ ജില്ലാ രജിസ്ട്രാർ ഓഫീസിൽ പോകും.

ഉച്ചകഴിഞ്ഞ് രജിസ്ട്രേഷന് എത്തുന്നവർ ഇക്കാരണത്താൽ ബുദ്ധിമുട്ടുകയാണ്. ഉച്ചകഴിഞ്ഞ് മൂന്നര വരെ രജിസ്ട്രേഷൻ നടത്തണം. എന്നാൽ പലപ്പോഴും കക്ഷികൾ തിരിച്ചുപോവുകയാണ്.

ജില്ലാ രജിസ്ട്രാർ സർവീസിൽ നിന്ന് വിരമിച്ചതിന് ശേഷം ഈ തസ്തികയിൽ പുതിയ രജിസ്ട്രാർ ചുമതലയേറ്റിട്ടില്ല.

ക്ഷേമനിധി വിഹിതം സ്വീകരിക്കുന്നു

കൽപറ്റ: കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള ജില്ലയിലെ അനുബന്ധ മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം 27 ന് 10 മണി മുതൽ ഉച്ചക്ക് 3 മണി വരെ കൽപറ്റയിലെ കെ.എം.സി.സി ഹാളിൽ ക്ഷേമനിധിബോർഡ് ഉദ്യോഗസ്ഥർ സ്വീകരിക്കുമെന്ന് കോഴിക്കോട് റീജനൽ എക്സിക്യൂട്ടീവ് അറിയിച്ചു. ഇതുവരെയുള്ള കുടിശ്ശിക തുക മുഴുവനായും അടക്കാത്തവരുടെ അംഗത്വം റദ്ദാക്കുമെന്നും റീജനൽ എക്സിക്യൂട്ടീവ് അറിയിച്ചു.

കാലവർഷക്കെടുതി: മൂന്ന് വീടുകൾ തകർന്നു

കൽപറ്റ: ജില്ലയിൽ കനത്ത മഴയിൽ മൂന്ന് വീടുകൾ തകർന്നു. മാനന്തവാടി താലൂക്കിലാണിത്. 1,04,770 രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

ക്ഷേമാനുകൂല്യം വിതരണം ചെയ്യുന്നു

കൽപറ്റ: മരണപ്പെട്ട അസംഘടിത തൊഴിലാളികളുടെ ക്ഷേമാനുകൂല്യം ആശ്രിതർക്ക് ജൂൺ 27-ന് രാവിലെ 11 മണിക്ക് സുൽത്താൻ ബത്തേരി ടിപ്പുസുൽത്താൻ പ്ലെയിസിൽ വിതരണം ചെയ്യും. താലൂക്കിലെ മുഴുവൻ അസംഘടിത വിഭാഗം തൊഴിലാളികളും പങ്കെടുക്കണമെന്ന് ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ അറിയിച്ചു.

ജീപ് ലേലം

കൽപറ്റ: ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കെ.എൽ.ഡബ്ല്യൂ. 740 നമ്പർ ജീപ്പ് ജൂലൈ 10-ന് രാവിലെ 11.30-ന് മുട്ടിൽ ജില്ലാ വ്യവസായ കേന്ദ്രം ഓഫീസിൽ പരസ്യലേലം ചെയ്യും. കൂടുതൽ വിവരങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്ന് ലഭിക്കും.

കുറ്റകൃത്യങ്ങൾ: പോലിസ് നിഷ്ക്രിയം -ലീഗ്

കൽപറ്റ: ജില്ലയിൽ പെരുകി വരുന്ന മോഷണങ്ങളും കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയുന്നതിൽ പോലിസിന്റെ നിഷ്ക്രിയത്വം അവസാനിപ്പിക്കണമെന്ന് കൽപറ്റ നിയോജക മണ്ഡലം മുസ്‌ലിം ലീഗ് പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു.

കഴിഞ്ഞ ദിവസം കമ്പളക്കാട് വീട്ടിൽ നടന്ന ആഭരണ കവർച്ചയിലെ പ്രതികളെ പിടികൂടുന്നതിൽ പോലിസ് അലംഭാവം കാണിക്കുന്നതായി യോഗം കുറ്റപ്പെടുത്തി. പ്രസിഡൻറ് പി. ആലി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എൻ.കെ. റഷീദ് സ്വാഗതം പറഞ്ഞു. ജില്ലാ ലീഗ് വൈസ് പ്രസിഡൻറ് പി.കെ. അബൂബക്കർ യോഗം ഉദ്ഘാടനം ചെയ്തു.

ജൂൺ 29-ന് കൽപറ്റ ടൗൺഹാളിൽ നടക്കുന്ന ജില്ലാ പ്രവർത്തക കൺവെൻഷൻ വിജയിപ്പിക്കാൻ തീരുമാനിച്ചു.

കെ.കെ. അഹമ്മദ്, സി.കെ. ഇബ്രാഹിം, പി.വി. കുഞ്ഞിമുഹമ്മദ്, എം.കെ. മൊയ്തു, കെ.ടി. കുഞ്ഞബ്ദുല്ല, വി.പി. മൊയ്തുഹാജി, ടി. അബൂബക്കർ, കെ.പി. പക്കർഹാജി, എം. അന്ത്രു, പി.കെ. അബ്ദുല്ല, എം: ബാപ്പുട്ടി, കാപ്പൻ ഹംസ, ടി.എം. ഉസ്മാൻ ഹാജി, വി. കുഞ്ഞബ്ദുല്ല, എം.പി. മൊയ്തീൻ, കാരാടൻ നജീബ്, കെ.എ. മുജീബ്, സലീം മേമന, എൻ. സൂപ്പി, എം.കെ. അന്ത്രുഹാജി എന്നിവർ പ്രസംഗിച്ചു.

പുൽപള്ളിയിൽ പെട്രോൾ ക്ഷാമം

പുൽപള്ളി: പെട്രോളിയം ഉൽപന്നങ്ങളുടെ വിതരണത്തിന് പുൽപള്ളിയിൽ സൗകര്യങ്ങൾ അപര്യാപ്തം. വാഹനങ്ങളുടെ എണ്ണം വർധിക്കുമ്പോഴും സൗകര്യങ്ങൾ കൂടുന്നില്ല. നിലവിലുള്ള പെട്രോൾ പമ്പിൽ പലപ്പോഴും ക്ഷാമം നേരിടുന്നു.

പെട്രോളും ഡീസലും പുൽപള്ളിയിൽ ഇല്ലെങ്കിൽ സുൽത്താൻ ബത്തേരി, പനമരം കേന്ദ്രങ്ങളെ ആശ്രയിക്കണം. പുൽപള്ളി, മുള്ളൻകൊല്ലി, പൂതാടി പഞ്ചായത്തുകളിൽ നിന്നുള്ള ഭൂരിഭാഗം വാഹന ഉടമകൾക്കും പുൽപള്ളിയിലെ പെട്രോൾ ബങ്കാണ് ആശ്രയം.

ഇരുചക്ര വാഹനങ്ങൾ ജില്ലയിൽ ഏറ്റവുമേറെയുള്ള പുൽപള്ളിയിലെ പമ്പിൽ പെട്രോൾ അടിക്കാൻ വാഹനങ്ങളുടെ നീണ്ട നിര കാണാം.

പുൽപള്ളിയിൽ മറ്റൊരു പമ്പ് കൂടി അനുവദിക്കണമെന്ന ആവശ്യം ശക്തിപ്പെട്ടു.

വിദ്യാഭ്യാസ പരിഷ്കാരം; നിരന്തര വിമർശം രാഷ്ട്രീയ ലക്ഷ്യത്തിന്

കൽപറ്റ: വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചപ്പോഴൊക്കെ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് പകരം നിരന്തര വിമർശമുന്നയിക്കുന്നവർ രാഷ്ട്രീയ ലക്ഷ്യമാണ് മുന്നിൽ കാണുന്നതെന്ന് കേരള സ്കൂൾ ടീച്ചേഴ്സ് യൂനിയൻ (കെ.എസ്.ടി.യു) സംസ്ഥാന ജനറൽ സെക്രട്ടറി എ.കെ. സൈനുദ്ദീൻ അഭിപ്രായപ്പെട്ടു.

കൽപറ്റ പി.എം.എസ്.എ ഓഡിറ്റോറിയത്തിൽ ചേർന്ന കെ.എസ്.ടി.യു ജില്ലാ പ്രവർത്തക കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

'99ൽ നിയമനം നിർത്തിവെച്ചവർ ഇപ്പോൾ നിയമന നിരോധനത്തിനെതിരെയും 96- 98ൽ സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനമെടുത്തവർ ഇപ്പോൾ അതിനെതിരെയും സമരം ചെയ്യുന്നത് വിരോധാഭാസമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പി.പി. മുഹമ്മദ് അധ്യക്ഷത വഹിച്ചു. ഉപജില്ലകളെ പ്രതിനിധീകരിച്ച് ടി.കെ. റഷീദ് (ബത്തേരി), പി.കെ. അബൂബക്കർ ഹാജി (മാനന്തവാടി), കെ.എം. മുഹമ്മദ് (വൈത്തിരി) എന്നിവർ പ്രസംഗിച്ച